# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1733** 12.06.2019 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകൾ മികവിന്റെ കേന്ദ്രങ്ങൾ

ചോദ്യം

ശ്രീ. എസ്. ശർമ്മ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ
ശ്രീ. ജെയിംസ് മാത്യു
ശ്രീ. സി.കെ. ഹരീന്ദ്രൻ

ഉത്തരം

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ സർവ്വകലാശാലകളെ അന്താരാഷ്ട്ര തലത്തിൽ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള ഒരു കർമ്മപദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കി വരികയാണ്. അന്താരാഷ്ട്ര നിലവാരമുള്ള ലാബ്, ലൈബ്രറി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനമാണ് ലക്ഷ്യമിടുന്നത്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 132.75 കോടിരൂപയും കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകൾക്ക് യഥാക്രമം 150 കോടി രൂപയുടേയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സർവ്വകലാശാലയുടെ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു |
| (ബി) | സർവ്വകലാശാലകളിലെ ഇന്റർയൂണിവേഴ്സിറ്റി സെന്ററുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | സർവ്വകലാശാലകളിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളിലെ പ്രവർത്തനത്തെപ്പറ്റി പഠിക്കാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനായ പ്രൊഫ. രാജൻ ഗുരുക്കളുടെ അദ്ധ്യക്ഷതയിൽ അഞ്ചംഗ കമ്മിറ്റി |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ് |
| (സി) | വിദേശ രാജ്യങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ജോലി ചെയ്യുന്നവരുടെ സേവനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | വിദേശരാജ്യങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ജോലി ചെയ്യുന്നവരുടെ സേവനം സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ഡി) | സർവ്വകലാശാലകളിൽ സിലബസ് പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്; ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കികൊണ്ടുള്ള കരിക്കുലം പരിഷ്കരണമാണ് ലക്ഷ്യമിടുന്നത്. ഓരോ പ്രോഗ്രാമിനും ചേരു ന്ന വിദ്യാർത്ഥികൾക്ക് ആത്യന്തികമായി ആർജ്ജിയ്ക്കാൻ കഴിയു ന്ന അറിവുകളും നൈപുണ്യങ്ങളും എന്തൊക്കെയായിരിക്കു മെന്ന് മുൻകൂട്ടി നിശ്ചയിച്ച് പ്രസ്താവിക്കുന്നതാണ് ഈ രീതി. ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് സിലബസിലും കരിക്കുലത്തിലും മൂല്യനിർണ്ണയ ത്തിലും മാറ്റങ്ങൾ വരുത്തുന്നതിനായുള്ള പരിശീലനം സംസ്ഥാനത്തെ സർവ്വകലാ ശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസർ ആയ ഡോ. എൻ.ജെ റാവുവിന്റെ നേതൃത്വത്തിൽ നല്കികഴിഞ്ഞു. ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പരിഷ്കരണത്തിനായി പ്രൊഫ. ഇ.ഡി. ജെമ്മീസ് അദ്ധ്യക്ഷനായ ഒരു ആറംഗ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ അക്കാദമിക് പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെപ്പറയുന്നു.

- **ബ്രെയിൻ ഗെയിൻ സമീപനം** :- പ്രവാസികളായ അക്കാദമിക്കുകളേയും പണ്ഡിതരേയും സംസ്ഥാനത്തെ കോളേജുകളിലേയും സർവ്വകലാശാല കളിലെയും കാമ്പസ്സുകളിൽ എറുഡൈറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്തിയ്ക്കാനുള്ള യജ്ഞം

- <u>എറുഡൈറ്റ് പദ്ധതി</u> :- ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധന വിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme'. ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി പഠന - ഗവേഷണ മേഖലകളിൽ സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുക യാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

നാളിതുവരെ 78 എറുഡൈറ്റ് പ്രോഗ്രാമുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞു കൂടാതെ പ്രൊഫ. ജോനാഥൻ ഗ്രിഗോറി ഡോളിമോറിനെ ഉൾപ്പെടുത്തി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നേരിട്ട് ഒരു എറുഡൈറ്റ് പ്രോഗ്രാമും സംഘടിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.